# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5953** — **08.07.2013-ൽ മറുപടിക്ക്**

## വിത്തുക്ഷാമം പരിഹരിക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.എസ്. സുനിൽകുമാർ<br>ശ്രീ. ഇ. ചന്ദ്രശേഖരൻ<br>ശ്രീ.ഇ.കെ. വിജയൻ<br>ശ്രീ.കെ.അജിത് | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും, മൃഗസംരക്ഷണവും, അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) കൃഷിക്കുള്ള വിവിധ വിത്തിനങ്ങൾ വിതരണം ചെയ്യുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ; | എ) സംസ്ഥാനത്തെ വിത്തുല്പാദനം സംഭരണം, വിതരണം എന്നിവ മെച്ചപ്പെടുത്തുന്നതിന് കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി മെയ് 2000 മുതൽ പ്രവർത്തിച്ചു വരുന്നു. വിത്തു വികസന അതോറിറ്റിക്ക് പുറമെ മറ്റു സർക്കാർ ഏജൻസികളായ വി.എഫ്.പി.സി.കെ., എൻ. എസ്. സി., കർണാടക സ്റ്റേറ്റ് സീഡ്സ് കോർപ്പറേഷൻ, കേരള കാർഷിക സർവ്വകലാശാല മുതലായവ പ്രവർത്തിച്ചു വരുന്നു. കർഷകർക്ക് വിതരണം ചെയ്യുന്ന വിത്തിന്റെ ഗുണമേന്മ പരിശോധിക്കുന്നതിന് മൂന്നു വിത്ത് പരിശോധനാലാബുകളും സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്നു. |
| ബി) വരൾച്ചയും ഉല്പാദനക്കുറവും മൂലം നെൽകർഷകർ കടുത്ത വിത്തുക്ഷാമം നേരിടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ ക്ഷാമം പരിഹരിക്കുന്നതിന് എന്തു നടപടികളെടുത്തു വരുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ; | ബി) വരൾച്ചയും ഉല്പാദനക്കുറവും മൂലം നെൽ കർഷകർ കടുത്ത വിത്തുക്ഷാമം നേരിടുന്നത് സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടില്ല. സംസ്ഥാനത്തെ കർഷകർക്ക് അനുയോജ്യമായ വിത്തിനങ്ങൾ ആവശ്യമായ അളവിൽ യഥാസമയം എത്തിക്കുന്നതിന് കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി, മെയ് 2000 മുതൽ സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്നു. അത്യുല്പാദന ശേഷിയുള്ള വിത്തിനങ്ങളാണ് അതോറിറ്റി വിതരണം ചെയ്തു വരുന്നത്. രജിസ്റ്റേർഡ് വിത്തുല്പാദന പദ്ധതിയിലൂടെ ഉല്പാദിപ്പിക്കുന്ന വിത്തും, മറ്റ് സർക്കാർ ഏജൻസികളായ എൻ.എസ്.സി. കർണാടക സീഡ്സ് കോർപ്പറേഷൻ, കേരള കാർഷിക സർവ്വകലാശാല മുതലായവരിൽ നിന്നും സംഭരിക്കുന്ന വിത്തും വിത്ത് വികസന |

അതോറിറ്റി കർഷകർക്ക് വിതരണം ചെയ്തു വരുന്നു. സംസ്ഥാനത്ത് വിത്തുല്പാദനം കുറയുന്ന സാഹചര്യത്തിൽ മറ്റ് ഏജൻസികളിൽ നിന്നും വിത്ത് സംഭരിച്ച് കുറവ് പരിഹരിക്കുന്നതിനും വിത്ത് വികസന അതോറിറ്റിക്ക് സംവിധാനമുണ്ട്. വിത്തുക്ഷാമം നേരിടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

| | | |
|---|---|---|
| സി) വിത്തുക്ഷാമം മുതലെടുത്ത് മണ്ണിന് ദോഷം ചെയ്യുന്ന ഹൈബ്രിഡ് വിത്തുകളും അന്തക വിത്തുകളും സംസ്ഥാനത്തേക്ക് കടത്തി കൊണ്ടുവന്ന് വിതരണം ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തു നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്ന തെന്ന് വിശദമാക്കുമോ? | സി) | സംസ്ഥാനത്ത് നിലവിൽ വിത്തുക്ഷാമം നേരിടുന്നതായി പരാതികളൊന്നും ലഭിച്ചിട്ടില്ല. അന്തക വിത്ത് സംസ്ഥാനത്ത് കൃഷി ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഹൈബ്രിഡ് വിത്തിനങ്ങൾ സംസ്ഥാനത്ത് കൃഷി ചെയ്തു വരുന്നുണ്ട്. ആയതിന് സംസ്ഥാന സർക്കാർ നിരോധനം ഏർപ്പെടുത്തിയിട്ടില്ല. |

Sreeja.
**സെക്ഷൻ ഓഫീസർ**